# സ്വർഗത്തോളമെത്തുന്ന പ്രവാചക സ്നേഹം

عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللهُ عَنْهُ أَنَّهُ قَالَ : قَالَ رَسُولُ اللهِ ﷺ : لَا يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ أَحَبَّ إِلَيْهِ مِنْ نَفْسِهِ وَمَالِهِ وَوَلَدِهِ وَالنَّاسِ أَجْمَعِينَ.

അനസി(റ)ൽനിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: "സ്വന്തത്തെക്കാളും തന്റെ സമ്പത്ത്, സന്താനങ്ങൾ, മറ്റു മനുഷ്യർ എന്നിവരെക്കാളും ഒരാൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടവൻ ഞാനാകുന്നത് വരെ അയാൾ വിശ്വാസിയാവുകയില്ല" (ബുഖാരി, മുസ്‌ലിം).

ഭൗതിക ജീവിതത്തിൽ മനുഷ്യന് പ്രിയങ്കരമായ ധാരാളം വിഭവങ്ങളുണ്ട്. വിശുദ്ധ ഖുർആൻ സൂചിപ്പിച്ചത് പോലെ സമ്പത്തിനെയും സന്താനങ്ങളെയും മനുഷ്യർ വല്ലാതെ സ്നേഹിക്കുന്നു. ആദർശങ്ങളും ന്യായാന്യായങ്ങളും ഈ സ്നേഹത്തിന് മുന്നിൽ വിസ്മരിക്കപ്പെടുന്നു. ദുൻയാവിലും പരലോകത്തും വെറുക്കപ്പെടുന്ന സ്നേഹാന്ധതയിലേക്കിത് പലപ്പോഴും വഴി തെറ്റുന്നു. സ്വർഗം ലക്ഷ്യമാക്കുന്ന വിശ്വാസിയുടെ ദുൻയാവിലെ സ്നേഹങ്ങൾക്ക് ഒരടിസ്ഥാന മാപിനി കൽപിക്കുകയാണ് ഈ ഹദീസിലൂടെ പ്രവാചകൻ ചെയ്യുന്നത്. ഒരു വിശ്വാസി ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത് നബി(സ)യെയാണ്. പ്രവാചക സ്നേഹമെന്ന ഏകകത്തിൽ നിന്നാവണം വിശ്വാസിയുടെ മറ്റെല്ലാ സ്നേഹങ്ങളും പ്രകാശിപ്പിക്കപ്പെടേണ്ടത്.

അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഭാഗം തന്നെയാണ് യഥാർഥത്തിൽ പ്രവാചക സ്നേഹവും. പ്രവാചക സ്നേഹത്തിന് മുമ്പായി അല്ലാഹുവിനോടുള്ള സ്നേഹവും വിശ്വാസത്തിന്റെ ഭാഗമായി പരിചയപ്പെടുത്തുന്ന ഹദീസ് കാണാവുന്നതാണ്. അനസി(റ)ൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: "മൂന്ന് കാര്യങ്ങൾ ഒരാളിലുണ്ടെങ്കിൽ അവ മൂലം അവൻ സത്യവിശ്വാസത്തിന്റെ മാധുര്യം അറിഞ്ഞിരിക്കുന്നു. ഒന്ന്, മറ്റാരെക്കാളും അല്ലാഹുവിനോടും, പ്രവാചകനോടുമുള്ള പ്രിയം; രണ്ട്, അല്ലാഹുവിന് വേണ്ടി മനുഷ്യനെ സ്നേഹിക്കുക. മൂന്ന്, സത്യനിഷേധത്തിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തിയ ശേഷം, സത്യനിഷേധത്തിലേക്ക് തന്നെ മടങ്ങുന്നതിനെ, നരകത്തിലെറിയപ്പെടുന്നത് വെറുക്കുന്നപോലെ വെറുക്കുക" (ബുഖാരി, മുസ്‌ലിം).

പ്രവാചകാനുരാഗത്തിന്റെ കാമ്പും കാതലും അദ്ദേഹത്തിലൂടെ പ്രസരിക്കപ്പെട്ട ആശയങ്ങളോടും സ്വഭാവഗുണങ്ങളോടുമുള്ള സ്നേഹമാണ്. വിശുദ്ധ ഖുർആൻ(*അത്തൗബ* 24) അത് വ്യക്തമാക്കുന്നുണ്ട്. പ്രവാചകനെ ഏറ്റവുമധികം സ്നേഹിച്ച ഇസ്‌ലാമിക സമൂഹത്തിലെ ഒന്നാം തലമുറക്കാരായ സ്വഹാബികളുടെ ജീവിതം തന്നെയതിന് മതിയായ സാക്ഷ്യമാണ്. ജീവനും സമ്പത്തുമടക്കം തങ്ങൾക്കുള്ളതെല്ലാം ഇസ്‌ലാമിന്റെ മാർഗത്തിൽ സ്വയം സമർപ്പിച്ചാണ് സ്വഹാബികൾ പ്രവാചക സ്നേഹത്തെ ജീവിതത്തിൽ അടയാളപ്പെടുത്തിയത്. 'നീ സ്നേഹിച്ചവർക്കൊപ്പമാണ് സ്വർഗത്തിലുണ്ടാവുക' എന്ന നബിവചനം കേവലം സ്നേഹത്തെയല്ല, കർമാനുഷ്ഠാനങ്ങളിലൂടെ പ്രവാചകനെ അനുധാവനം ചെയ്ത് സ്വർഗം കരസ്ഥമാക്കുന്നതിനെയാണ് കുറിക്കുന്നത്. തന്റെ കരളിന്റെ കരൾ എന്ന് വിശേഷിപ്പിക്കുകയും ഏറെ സ്നേഹിക്കുകയും ചെയ്ത പ്രിയപുത്രി ഫാത്വിമ(റ)യോടുള്ള റസൂലിന്റെ ഉപദേശം ഇങ്ങനെയാണ്. "മകളേ, നരകത്തിൽനിന്ന് നിന്നെ നീ തന്നെ കാത്തുകൊള്ളുക. ഉപ്പാക്ക് ഒന്നും ചെയ്യാൻ കഴിയില്ല." മുഹമ്മദെന്ന പിതാവിന്റെ മകളോടുള്ള കേവല സ്നേഹം കൊണ്ടോ, മകൾക്ക് തിരിച്ച് പിതാവായ നബിയോടുള്ള സ്നേഹം കൊണ്ടോ സ്വർഗ പ്രവേശം സാധ്യമാവുകയില്ല എന്നർഥം. നൂഹി(അ)ന്റെ മകന്റെയും ലൂത്വി(അ)ന്റെ ഭാര്യയുടെയും ചരിത്രം ചിത്രീകരിക്കുമ്പോൾ ഖുർആനത് വ്യക്തമാക്കുന്നുണ്ട്.

നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലൽ പുണ്യകരമാണ്. സ്വഹാബികൾ അടക്കമുള്ളവർ നബിയുടെ പേര് കേൾക്കുമ്പോൾ തന്നെ സ്വലാത്ത് ചൊല്ലുന്നവരായിരുന്നു. എന്നാൽ, നബി എന്നതിലപ്പുറമുള്ള അമിതമായ വാഴ്ത്തലുകൾ റസൂൽ(സ) തന്നെ വിലക്കിയിട്ടുണ്ട്. ഉമറി(റ)ൽനിന്ന് നിവേദനം: നബി(സ) പറയുന്നത് ഞാൻ കേട്ടു: "ക്രിസ്ത്യാനികൾ മർയമിന്റെ പുത്രൻ ഈസയെ അമിതമായി വാഴ്ത്തിയതുപോലെ നിങ്ങൾ എന്നെ വാഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ ദാസൻ മാത്രം. അല്ലാഹുവിന്റെ ദാസനും ദൂതനും എന്നു പറഞ്ഞോളൂ" (ബുഖാരി).

സ്വർഗത്തിൽ റസൂലിന്റെ സ്നേഹ സാമീപ്യമാഗ്രഹിക്കുന്നവർ പ്രവാചകചര്യ പിൻപറ്റി കർമാനുഷ്ഠാനങ്ങളിലൂടെയാണത് നേടേണ്ടത്. ഉണർച്ച മുതൽ ഉറക്കം വരെയും, ജനനം മുതൽ മരണം വരെയുമുള്ള മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കുമുള്ള വഴിവെളിച്ചം വേദഗ്രന്ഥത്തിലും പ്രവാചക ചര്യയിലുമുണ്ട്. ദൈവേഛയുടെ വെളിപാടാണ് ദൈവിക ഗ്രന്ഥമെങ്കിൽ അതിന്റെ പ്രായോഗിക മാതൃകയാണ് പ്രവാചകചര്യ. ജീവിതം കൊണ്ട് അതിന് സാക്ഷ്യം വഹിക്കലാണ് യഥാർഥ പ്രവാചക സ്നേഹം. നബിയുടെ സന്ദേശം ജീവിത ദൗത്യമായി ഏറ്റെടുത്ത് വേണം ആ സ്നേഹം പ്രകടമാക്കാൻ. ■